**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **29-07-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ധനകാര്യ കമ്മീഷന്റെ തെറ്റായ നിലപാട് കാരണം കേരളത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതത്തിൽ വലിയ ഇടിവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽ നിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. |
| (ബി) | എങ്കിൽ മേഖലാധിഷ്ഠിത ഗ്രാന്റായും സംസ്ഥാനാധിഷ്ഠിത ഗ്രാന്റായും എത്ര കോടി രൂപ അനുവദിക്കണമെന്നാണ് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | മേഖലാധിഷ്ഠിത ഗ്രാന്റ് / സംസ്ഥാനാധിഷ്ഠിത ഗ്രാന്റ് ആയി 9461 കോടി രൂപ അനുവദിക്കണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന് സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു. |
| (സി) | കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് എല്ലാ വായ്പകൾക്കും 2021 ഡിസംബർ വരെയെങ്കിലും മൊറട്ടോറിയം അനുവദിക്കണമെന്ന ധനവകുപ്പിന്റെ ആവശ്യത്തിൻമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (സി) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു.മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അനുകൂല മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | കോവിഡ് പ്രതിസന്ധി കാരണം വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവരെ ഭീഷണിപ്പെടുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി ഉൾപ്പെടെ മറ്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ധനവകുപ്പ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളത്തിലെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്. പ്രസ്തുത ബാങ്കുകളിലെ ഇടപാടുകൾ സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിൽപെടുന്ന വിഷയമല്ല. എന്നിരുന്നാലും ബാങ്കുകൾ സ്വീകരിക്കുന്ന നടപടികളുടെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും പരാതികളും സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC) മുഖേന പരിഹാരം കാണുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ